**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2244

6.10.2016-ൽ മറുപടിക്ക്

## നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക്

**ചോദ്യം**

ശ്രീ.കെ.സി.ജോസഫ്

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) കണ്ണൂർ ജില്ലയിലെ നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള നടുവിൽ പോളിടെക്നിക്കിന് എ.ഐ.സി.റ്റി.ഇ അനുമതി ലഭിക്കാൻ അവിടെ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാനുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) 1) നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള 7 ഏക്കറിൽ 5 ഏക്കർ സ്ഥലം നടുവിൽ പോളിടെക്നിക്കിനു വേണ്ടി വിട്ടു കിട്ടുന്നതിനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്.<br>2) ഒന്നാം വർഷത്തേയ്ക്കുള്ള കോഴ്സ് നടത്തിപ്പിനാവശ്യമായ ലാബ് ഉപകരണങ്ങൾ, ഫർണിച്ചർ ലൈബ്രറി ബുക്കുകൾ എന്നീ ആവശ്യങ്ങൾക്കായി തുക അനുവദിക്കേണ്ടതുണ്ട്.<br>3) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി ലഭ്യമാക്കിയ കെട്ടിടത്തിന്റെ പണി നവംബറോടുകൂടി പൂർത്തിയാക്കേണ്ടതുണ്ട്.<br>4) നിലവിലുള്ള കെട്ടിടത്തിന്റെ ഇലക്ട്രിസിറ്റി കണക്ഷൻ, ജനറൽ വയറിംഗ് എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. |
| (ബി) ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലവും കെട്ടിടവും പോളിടെക്നിക്കിനായി കൈമാറ്റം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ;<br>(സി) ഇതുമായി ബന്ധപ്പെട്ട മന്ത്രിസഭാ തീരുമാനം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) നടുവിൽ പോളിടെക്നിക്ക് ആരംഭിക്കുന്നതിന് വേണ്ടി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനായി ഇലക്ഷൻ കമ്മീഷന്റെ അനുമതിക്ക് വിധേയമായി 16.3.2016 ൽ 8766-ാം നമ്പരായി മന്ത്രിസഭ തീരുമാനമെടുത്തിരുന്നു. ഇലക്ഷൻ പ്രക്രിയ കഴിയുന്നതുവരെ കാത്തിരിക്കാൻ ഇലക്ഷൻ കമ്മീഷൻ ഉത്തരവായി. തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്തെ മന്ത്രിസഭാ തീരുമാനങ്ങൾ പരിശോധിക്കാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്ക് വിഷയം സമർപ്പിക്കുകയും കമ്മിറ്റിയുടെ പരിഗണനയിൽപ്പെട്ട വിഷയങ്ങളിൽ റിപ്പോർട്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടി തീരുമാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്. |

| | | | |
|---|---|---|---|
| (ഡി) | 2017-18 അദ്ധ്യയന വർഷം പോളിടെക്നിക്ക് പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | പോളിടെക്നിക്ക് ക്ലാസ്സുകൾ ആരംഭിക്കുന്നതിലേയ്ക്കായി എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ആയത് ലഭിച്ചതിനു ശേഷം മാത്രമേ ക്ലാസ്സുകൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ടുള്ള തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ